**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5833** **28.03.2018-ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാർക്ക് റീഇംബേഴ്സ്മെന്റ് നിഷേധിക്കുന്ന നടപടി**

**ചോദ്യം**

**ശ്രീ.കെ.വി.വിജയദാസ്**

**ഉത്തരം**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | സ.ഉ.(പി) നം. 144/2013/എച്ച്&എഫ്.ഡബ്ല്യൂ.ഡി. തീയതി 22.04.2013 പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള (എം. പാനൽ ചെയ്തിട്ടുള്ള) പ്രൈവറ്റ് ആശുപത്രികളിൽ സർക്കാർ ആശുപത്രികളിലെ തന്നെ റഫറൻസോടുകൂടി സർക്കാർ ജീവനക്കാരോ അവരുടെ ആശ്രിതരോ ചികിത്സ നടത്തിയശേഷം മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി അപ്പൻഡിക്സ് II സാക്ഷ്യപ്പെടുത്തുന്നതിന് മോഡേൺ മെഡിസിന്റെ ഡി.എം.ഒ.മാർക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ഉൾപ്പെടെ വിശദവിവരം നൽകുമോ;<br><br>ബി) നിയമം മൂലം പ്രസ്തുത അവകാശം സർക്കാർ ജീവനക്കാർക്ക് ഉണ്ടെന്നിരിക്കെ ആയത് നിഷേധിക്കുന്ന ഡി.എം.ഒ. മാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ;<br><br>സി) ഇപ്രകാരം ഡി.എം.ഒ.മാർ സ്വീകരിച്ചുവരുന്ന നിയമ വിരുദ്ധ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ രേഖാമൂലം പരാതി നൽകിയാൽ ബന്ധപ്പെട്ടവർക്കെതിരെ ചട്ടപ്രകാരം നടപടി സ്വീകരിക്കുമോ? | എ ബി & സി | മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ആനുകൂല്യത്തിനായി അപ്പന്റിക്സ്-II സാക്ഷ്യപ്പെടുത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിലവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ കേരള ഗവൺമെന്റ് സർവ്വന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ്-1960 പ്രകാരം ചികിത്സ നേടുന്ന ആൾ ഗവൺമെന്റ് അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള (എം പാനൽ ചെയ്തിട്ടുള്ള) പ്രൈവറ്റ് ആശുപത്രിയിൽ ചികിത്സ നേടുന്നതിനുമുമ്പ് ഗവൺമെന്റ് ആശുപത്രിയിൽ നിന്നും റഫറൻസ് ലെറ്റർ വാങ്ങേണ്ടതായിട്ടുണ്ട്. ചികിത്സ നേടുന്ന ആളുടെ താമസ സ്ഥലത്തുനിന്നും 5 മൈൽ ചുറ്റളവിലുള്ള ഗവൺമെന്റ് ആശുപത്രിയിൽ നിന്നും റഫറൻസ് വാങ്ങേണ്ടത്. മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ സമർപ്പിക്കുമ്പോൾ ഉൾപ്പെടുത്തേണ്ട അപ്പന്റിക്സ്-II പ്രസ്തുത റഫറൻസ് ആധാരമാക്കിയാണ് ജില്ലാ മെഡിക്കൽ |

| | | | |
|---|---|---|---|
| | | | ഓഫീസർ സാക്ഷ്യപ്പെടുത്തുന്നത്. നിയമാനുസൃതമായി സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ നിഷേധാർഹമായ നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിക്കുകയാണെങ്കിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**